ഡയറ്റ്, തൃശ്ശൂർ, രാമവർമപുരം

# 'അറിവിലൂടെ സമ്പന്നരാവുക ശാസ്ത്രത്തിലൂന്നി ശക്തരാവുക'

**(വായാനാവാരം - ജൂൺ 2014)**



**പി എൻ പണിക്കർ (പുതുവായിൽ നാരായണപ്പണിക്കർ)**

1909 മാർച്ച് 1 ന് ആലപ്പുഴ ജില്ലയിൽ ജനിച്ചു. വായനയുടെ ലോകത്ത് മാറ്റങ്ങളുണ്ടാക്കിയ മഹദ്‌വ്യക്തി . 1958 ൽ കേരളഗ്രന്ഥശാലാസംഘം രൂപീകരിച്ചു. കേരളത്തിലുടനീളം വായനശാലകളും ലൈബ്രറികളും കെട്ടിപ്പടുക്കുന്നതിൽ മാത്രമല്ല വായനയെ തികച്ചും ജനകീയമായ ഒരു ചാലകശക്തിയാക്കി മാറ്റുന്നതിനും ഇദ്ദേഹം നേതൃത്വം നൽകി. 1970 ൽ കാസർകോട് മുതൽ പാറശ്ശാല വരെ നടത്തിയ സാംസ്കാരിക ജാഥ കേരള ചരിത്രത്തിലെ അവിസ്മരണീയമായ ഒരേടായി അറിയപ്പെടുന്നു. 1995 ജൂൺ 19 ന് അന്തരിച്ചു.

## വായനയുടെ നാനാർഥം

പുതിയ ആശയങ്ങളും ധാരണകളും നേടുന്നതിനുള്ള ഏറ്റവും മികച്ച ഉപാധിയാണ് വായന. വായനയിലൂടെ ഓരോ വ്യക്തിയും സ്വയം നവീകരിക്കുന്നു. ഏതൊരു വായനയും പുതിയ പാഠത്തെ ഉദ്പാദിപ്പിക്കുകയും സംവാദസാധ്യതയുള്ള നവമേഖലകൾ തുറന്നിടുകയും ചെയ്യുന്നു. നിലവിലുള്ള ജീവിതത്തിന്റെ ജഢ നിശ്ചലതയും അലസസംതൃപ്തിയും ഒഴിവാക്കാൻ വായന നമ്മെ പ്രാപ്തരാക്കുന്നു. ചോദ്യം ചെയ്യാനും പുതിയ ആശയങ്ങളും അർഥതലങ്ങളും കണ്ടെത്താനും ഇതിലൂടെ സാധിക്കുന്നു.

പുതിയ തലമുറയെ വായനയുടെ വിശാലമായ ലോകത്തേക്ക് നയിക്കുന്നതിന് ക്ലാസ്സ് ലൈബ്രറികളും വിദ്യാലയലൈബ്രറികളും ഗ്രന്ഥശാലകളും സജീവമാകേണ്ടതുണ്ട്. ഇത്തരമൊരു ദൗത്യമാണ് വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചുകൊണ്ട് പി. എൻ. പണിക്കർ നിർവ്വഹിച്ചത്. ഗ്രന്ഥശാലകളോടൊപ്പം വിദ്യാലയങ്ങളും വീടുകളും കൈകോർത്തുകൊണ്ടാകട്ടെ ഈ വർഷത്തെ വായനാവാരാചരണം.

## പി എൻ പണിക്കർ ഫൗണ്ടേഷൻ

സംസ്ഥാനത്തെ വായനാ പ്രവർത്തനങ്ങൾക്ക് സർക്കാരിനൊപ്പം പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയാണ് പി എൻ പണിക്കർ ഫൗണ്ടേഷൻ. ഓരോ വർഷവും വായനാവാരത്തിന്റെ പ്രചരണാശയം നിശ്ചയിക്കുന്നത് ഈ ഫൗണ്ടേഷനാണ്. 'അറിവിലൂടെ സമ്പന്നരാവുക ശാസ്ത്രത്തിലൂന്നി ശക്തരാവുക' എന്നതാണ് ഈ വർഷത്തെ മുദ്രാവാക്യം.

## വിദ്യാലയത്തിൽ സാധ്യമായ പ്രവർത്തനങ്ങളുടെ മാതൃകകൾ

- **പുസ്തക പ്രദർശനം**
  പുസ്തകങ്ങൾ കാണുന്നതിനും മറിച്ചു നോക്കുന്നതിനും എഴുത്തുകാരനെ പരിചയപ്പെടുന്നതിനും മറ്റുള്ളവരെ കാണിക്കുന്നതിനും അവസരമൊരുക്കാം. ഏറ്റവും പുതിയ ചില പുസ്തകങ്ങളെങ്കിലും പ്രദർശനത്തിൽ ഉൾപ്പെടുത്തണം. ആനുകാലികങ്ങളും പത്രങ്ങളും ഉൾപ്പെടുത്താവുന്നതാണ്.
- **വായനാ മത്സരം / ക്വിസ്**
  നേരത്തെ നിർദ്ദേശിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങളുൾപ്പെടുത്തിയ ക്വിസ് പരിപാടി.
  ഒരു കൃതിയിലെ നിശ്ചിത ഭാഗം നൽകി കുട്ടികൾ വായിക്കുകയും ഉച്ചാരണശുദ്ധിയോടെയും ഭാവമുൾക്കൊണ്ടും ആശയവ്യക്തതയോടെയും വായിക്കുന്നവരെ കണ്ടെത്തുകയും ചെയ്യൽ
- **കൃതികളുടെ താരതമ്യം**
  കുട്ടികൾ വായിച്ച സമാനകൃതികൾ കണ്ടെത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു. ഉദാഹരണം വൈലോപ്പിള്ളിയുടെ 'മാമ്പഴവും' റഫീഖ് അഹമ്മദിന്റെ 'തോരാമഴയും'.
- **എഴുത്തുകാരെ അറിയൽ**
  എഴുത്തുകാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ഓരോ കുട്ടിയും വിവിധ ദിവസങ്ങളിൽ അസംബ്ലിയിൽ അവതരിപ്പിക്കട്ടെ. ഇവ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുകയുമാവാം.
- **പുസ്തകങ്ങൾ സമ്മാനങ്ങൾ**
  ക്ലാസ്സിലും വിദ്യാലയത്തിലും നടക്കുന്ന ഏതൊരു പ്രവർത്തനത്തിനും നൽകുന്ന സമ്മാനങ്ങൾ ഒരു കുഞ്ഞു പുസ്തകമായി നൽകാൻ ശ്രദ്ധിക്കുക. ജന്മദിനമാഘോഷിക്കുന്ന കുട്ടികൾ ക്ലാസ്സ് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകട്ടെ. ഗൃഹസന്ദർശനവേളകളിൽ വീടുകളിൽനിന്ന് പുസ്തകങ്ങൾ ശേഖരിക്കാവുന്നതാണ്.
- **വായനക്കൂട്ടം രൂപീകരിക്കൽ**
  ഒരേ സ്കൂളിൽ പഠിക്കുന്ന അയൽപക്കത്തുള്ള കുട്ടികൾ സംഘം ചേർന്ന് പുസ്തകങ്ങൾ വായിക്കുന്നതിനും ലഘു ചർച്ചകൾ നടത്തുന്നതിനും അവസരമൊരുക്കുക.
- **വായിക്കാം കേൾക്കാം**
  ചെറിയ ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി താളവും പ്രാസവുമുള്ള കഥകളും കവിതകളും കണ്ടെത്തി വായിച്ചവതരിപ്പിക്കുക.
- **കുട്ടികളുടെ രചനകളുടെ പ്രകാശനം**
  കുട്ടികൾ തയ്യാറാക്കിയ ഏതൊരു രചനയും ഭംഗിയായി എഴുതി അവതരിപ്പിക്കുന്നതിനും അസംബ്ലിയിലോ ക്ലാസ്സിലോ പ്രകാശനം ചെയ്യുന്നതിനുമുള്ള അവസരമൊരുക്കുക.
- **പുസ്തക ചർച്ച**
  പുസ്തകത്തിന്റെ പേരിന്റെ പ്രസക്തി, എഴുത്തുകാരന്റെ തൂലികാനാമം, കഥാപാത്രങ്ങളുടെ സവിശേഷതകൾ, കഥയുടെ പ്രമേയം, തുടങ്ങിയവ ക്ലാസ്സിലും പുറത്തുമുള്ള ചർച്ചകളിലൂടെ ഉരുത്തിരിയുന്നു.
- **റഫറൻസ് കോർണർ**
  നിഘണ്ടു, വിശ്വവിജ്ഞാനകോശം, സമ്പൂർണ്ണ കൃതികൾ, പാഠപുസ്തകവുമായി ബന്ധപ്പെട്ട രചനകൾ മുതലായവ പരിശോധിക്കുന്നതിനുള്ള അവസരമൊരുക്കാം

- **ഇ റീഡിങ്ങ്**
  പുസ്തകങ്ങൾ പരിചയപ്പെടുന്നതിനും എഴുത്തുകാരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും കൃതികളുടെ പശ്ചാത്തലം പരിചയപ്പെടുന്നതിനും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- **ലൈബ്രറി വിപുലീകരണം**
  ക്ലാസ് ലൈബ്രറി, വിദ്യാലയ ലൈബ്രറി എന്നിവ നിരന്തരം വളരുന്ന രീതിയിലേക്ക് പുസ്തക ശേഖരം പ്രയോജനപ്പെടുത്തണം. ഗൃഹസന്ദർശനം, സന്നദ്ധസംഘടനകളുടെ സേവനം തുടങ്ങിയവയിലൂടെ ഇത് നടപ്പിലാക്കാവുന്നതാണ്.
- **വായനാസർവ്വെ**
  വായനാശീലം കണ്ടെത്തി, വിദ്യാലയത്തിനു പുറത്തേക്ക് വായനയെ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക. ഇതിന്റെ മുന്നോടിയായി മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അയൽപക്ക വീടുകളിലും വിദ്യാലയത്തിലും ഒരു സർവ്വെ നടത്താവുന്നതാണ്.
- **പ്രാദേശിക വായനശാലകളിൽ അംഗത്വം**
  എല്ലാ ഗ്രന്ഥശാലകളേയും നിശ്ചിത വിദ്യാലയവുമായി ബന്ധപ്പെടുത്തി ഓരോ കുട്ടിക്കും അംഗത്വം നൽകേണ്ടതാണ്.

## വായനക്ക് പരിഗണിക്കാവുന്ന ഏതാനും പുസ്തകങ്ങൾ

### കുട്ടികൾക്ക്

- ഒരു കുടയും കുഞ്ഞു പെങ്ങളും - മുട്ടത്തു വർക്കി
- സുജാതയും കാട്ടാനയും - കാർട്ടൂണിസ്റ്റ് ശങ്കർ
- പെണങ്ങുണ്ണി - കുരീപ്പുഴ ശ്രീകുമാർ
- ഉണ്ണിക്കുട്ടന്റെ ലോകം - നന്തനാർ
- മിഠായിപ്പൊതി - സുമംഗല
- പഴമൊഴിപ്പത്തായം - കുഞ്ഞുണ്ണിമാഷ്
- വൈലോപ്പിള്ളിയുടെ ബാലകവിതകൾ - വൈലോപ്പിള്ളി ശ്രീധരമേനോൻ
- കുഞ്ഞിക്കൂനൻ - പി നരേന്ദ്രനാഥ്
- കീയോ കീയോ  - പ്രൊഫ. എസ് ശിവദാസ്
- എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ - മഹാത്മാഗാന്ധി
- കാബൂളിവാല – രബീന്ദ്രനാഥ ടാഗോർ
- കുട്ടികളുടെ സയൻസ് പ്രൊജക്ടുകൾ - സി ജി ശാന്തകുമാർ
- വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം - പ്രൊഫ. എസ്. ശിവദാസ്
- ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ - ആൻ ഫ്രാങ്ക്
- തോരാമഴ (കവിത) – റഫീക്ക് അഹമ്മദ്
- ബാല്യകാല സഖി - വൈക്കം മുഹമ്മദ് ബഷീർ

- ആടുജീവിതം - ബെന്യാമിൻ
- എന്തുകൊണ്ട് ? എന്തുകൊണ്ട് ? എന്തുകൊണ്ട് ? - കേരള ശാസ്ത്രസാഹിത്യപരിഷത്ത്
- അഗ്നിച്ചിറകുകൾ - ഡോ. എ. പി. ജെ. അബ്ദുൾ കലാം
- പഞ്ചതന്ത്രം കഥകൾ
- വിക്രമാദിത്യൻ കഥകൾ
- അറബിക്കഥകൾ
-
-
-
-

## അധ്യാപകർക്ക്

- ടോട്ടോച്ചാൻ - തെത്സുകോ കുറോയാനഗി
- വിദ്യാഭ്യാസ പരിവർത്തനത്തിനൊരാമുഖം - കേരള ശാസ്ത്രസാഹിത്യപരിഷത്ത്
- ടീച്ചർ - സിൽവിയ വാർണർ - കേരള ശാസ്ത്രസാഹിത്യപരിഷത്ത്
- പരിവർത്തനോന്മുഖ വിദ്യാഭ്യാസം - നിത്യചൈതന്യയതി
- താങ്ങാവുന്ന വിദ്യാഭ്യാസം - വിജയലക്ഷ്മിയും ഗോപാലകൃഷ്ണനും
- ദിവാസ്വപ്നം - ഗിജുബായ് ബധേക
- തുറന്ന ക്ലാസ്സ് മുറി - കെ. ടി. മാർഗരറ്റ്
- വിദ്യാഭ്യാസ ചിന്തകൾ - ആർ. വി. ജി. മേനോൻ
- വിമർശനാത്മക ബോധനം സിദ്ധാന്തവും പ്രയോഗവും - ഡോ. പി. വി. പുരുഷോത്തമൻ
- കേരളത്തിലെ ആഫ്രിക്ക – കെ പാന്നൂർ
-
-
-
-

## 3,5,7 ക്ലാസ്സുകളിലെ മലയാളപാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട കൃതികൾ /കഥകൾ/ കവിതകൾ

- കൃഷ്ണകവിതകൾ - സുഗതകുമാരി
- ശ്രീനാരായണഗുരുവിന്റെ കൃതികൾ
- കാൻസർ വാർഡിലെ ചിരി - ഇന്നസെന്റ്
- അർഷാദ് ബത്തേരിയുടെ കവിതകൾ - അർഷാദ് ബത്തേരി
- പയ്യൻ കഥകൾ, വി കെ എൻ കഥകൾ - വി കെ എൻ
- ഉറൂബിന്റെ കഥകൾ - ഉറൂബ്

- അയ്യപ്പപ്പണിക്കരുടെ കൃതികൾ (കണിക്കൊന്ന) – അയ്യപ്പപ്പണിക്കർ
- കൊച്ചനുജൻ - ഇടശ്ശേരി
- സന്തോഷ് എച്ചിക്കാനത്തിന്റെ കഥകൾ - സന്തോഷ് എച്ചിക്കാനം
- കൃഷ്ണഗാഥ – ചെറുശ്ശേരി
- ആശാൻ ഉള്ളൂർ വള്ളത്തോൾ എന്നിവരുടെ ബാലകവിതകൾ
- കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾ
-
-
-
-

## കൃതികളുടെ താരതമ്യക്കുറിപ്പ് - ഒരു മാതൃക

### ബഷിറിന്റെ (പാത്തുമ്മായുടെ)ആടും ബെന്യാമിന്റെ ആടും

മലയാള സാഹിത്യത്തിലെ പ്രസിദ്ധങ്ങളായ രണ്ടാടുകളെയാണ് ബഷീർ സൃഷ്ടിച്ച 'പാത്തുമ്മായുടെ ആടും' ബെന്യാമിൻ രചിച്ച 'ആടുജീവിത'വും കാണിച്ചു തരുന്നത്. രണ്ടു കൃതികളും മലയാളത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട സൃഷ്ടികളാണ്. ഇവ രണ്ടും പൂർണമായോ ഭാഗികമായോ പാഠപുസ്തകങ്ങളായി മാറി. 'പാത്തുമ്മായുടെ ആട്" ബാല്യത്തിന്റെ മയിൽപ്പീലിക്കണ്ണുകളിലൂടെ ജീവിതത്തിന്റെ ഹരിതശോഭ കാണിച്ചു തരുമ്പോൾ 'ആടുജീവിതം' സാർവലൗകികമായ മനുഷ്യാവസ്ഥയുടെ ദുരന്തചിത്രം അനാവരണം ചെയ്യുന്നു. പ്രവാസത്തിന്റേയും ഒറ്റപ്പെടലിന്റേയും തീക്ഷ്ണമായ അനുഭവങ്ങളാണ് 'ആടുജീവിത'ത്തിൽ. ജീവിതത്തിന്റെ സമസ്ത മേഖലകലളേയും തന്റെ ദാർശനികമായ ഫലിതബോധത്തിലൂന്നി ആവിഷ്കരിക്കുയയാണ് 'പാത്തുമ്മായുടെ ആടി'ലൂടെ ബഷീർ.

തികച്ചും സാധാരണക്കാരായ വ്യക്തികൾ തന്നെയാണ് രണ്ടു കൃതികളിലേയും കഥാപാത്രങ്ങൾ. പാത്തുമ്മയും ഹനീഫയും കുട്ടികളും കഥാകാരനും 'പാത്തുമ്മായുടെ ആടി'ലെ കഥാപാത്രങ്ങളാവുമ്പോൾ നജീബും ഹക്കീമും അർബാബുമൊക്കെ 'ആടുജീവിത'ത്തെ സജീവമാക്കുന്നു. ശ്രദ്ധേയമായ കാര്യം, രണ്ടു നോവലിലും ആട് പ്രധാന കഥാപാത്രമാവുന്നു എന്നതാണ്. അങ്ങനെ മനുഷ്യർ മാത്രമല്ല, ഭൂമിയിലെ സമസ്ത ജീവജാലങ്ങളും തങ്ങൾക്ക് കഥാവിഷയമാണെന്ന് രണ്ടെഴുത്തുകാരും തെളിയിച്ചു.